(ഡി) തിരുവനന്തപുരം ജില്ലയിൽ ഒരു ഗവണ്മെന്റ് അനലിസ്റ്റ് ലബോറട്ടറിയും എറണാകുളം, കോഴിക്കോട് എന്നീ ജില്ലയിൽ ഓരോ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയും കൂടാതെ പത്തനംതിട്ടയിൽ ശബരിമല സാമ്പിളുകൾ പരിശോധിക്കുന്നതിനായി മാത്രം ഒരു ജില്ലാ ലാബും പ്രവർത്തിക്കുന്നുണ്ട്.

(ഇ) ഈ സാമ്പത്തിക വർഷംതന്നെ സംസ്ഥാനത്ത് പുതിയതായി മൂന്ന് മൊബൈൽ അനലിറ്റിക്കൽ ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. നിലവിലുള്ള ലാബുകൾക്ക്, NABL അക്രഡിറ്റേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. NABL അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് 2012-13 ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 35.35 ലക്ഷം രൂപ വകയിരുത്തിയിരുന്നതും 2013-14 ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. ആയത് സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി Consultant ആയി CIFT (Central Institute of Fisheries Technology)-യെ നിശ്ചയിച്ചിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാവകുപ്പ് നടത്തിയ പരിശോധനയുടെ അനന്തര നടപടികൾ

36 (2587) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഹോട്ടലുകൾ, ബേക്കറികൾ, പച്ചക്കറി/പഴവർഗ്ഗ വില്പന ശാലകൾ, മറ്റ് ഭക്ഷ്യോല്പന്ന വിപണന ശാലകൾ, ഇന്ത്യൻ കോഫി ഹൗസു പോലുള്ള സഹകരണ സർക്കാർ ഹോട്ടലുകൾ, ക്യാൻറീനുകൾ, ഇറച്ചി വിപണന ശാലകൾ എന്നിവയിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിയെന്നും കുറ്റക്കാരായി കണ്ടെത്തിയ സ്ഥാപനങ്ങൾ എത്രയെന്നും പിഴയിനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഒരിക്കൽ കുറ്റക്കാരായി കണ്ടെത്തുകയും ശിക്ഷാ നടപടികൾക്കുശേഷം വീണ്ടും കുറ്റക്കാരായി കണ്ടെത്തിയ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം സ്ഥാപനങ്ങളിൽനിന്നും ആഹാരവസ്തുക്കൾ കഴിച്ചതുമായി ബന്ധപ്പെട്ട് എത്രപേർ മരണപ്പെടുകയുണ്ടായി ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭക്ഷ്യ വിപണന മേഖലയിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താനായി ഓരോ വർഷവും നിയമവിരുദ്ധ പ്രവൃത്തികൾ തടയാനായി ഭക്ഷ്യസുരക്ഷാ വാരങ്ങൾ ഉൾപ്പെടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; എത്ര രൂക ഇതിനായി ചെലവാക്കി ; വ്യക്തമാക്കുമോ ;

(ഇ) ഭക്ഷ്യസുരക്ഷാ മേഖലയിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ കൈക്കൂലി യുടങ്ങി നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ)

ജില്ല	പൂട്ടിച്ച സ്ഥാപനങ്ങളുടെ എണ്ണം	ഈടാക്കിയ പിഴ
1	2	3
തിരുവനന്തപുരം	40	8,35,000
കൊല്ലം	67	68,000
പത്തനംതിട്ട	38	2,36,000
ആലപ്പുഴ	12	69,000
കോട്ടയം	10	1,23,500
ഇടുക്കി	5	1,26,000
എറണാകുളം	38	13,40,000
തൃശ്ശൂർ	10	2,80,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
മലപ്പുറം	10	3,30,000
പാലക്കാട്	6	3,10,000
കോഴിക്കോട്	12	3,40,000
വയനാട്	6	2,25,000
കണ്ണൂർ	4	2,45,000
കാസർഗോഡ്	...	3,60,000

(ബി) പിഴ നൽകി വീണ്ടും ഇറന്ന സ്ഥാപനങ്ങളിൽ വീണ്ടും ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്താറുണ്ട്. വീണ്ടും അത്തരം സ്ഥാപനങ്ങളിൽ വീഴ്ച കണ്ടെത്തിയിട്ടില്ല.

(സി) ഒരാൾ മരണപ്പെട്ടത് സംബന്ധിച്ച കേസ് നിലവിലുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഊർജ്ജിത ഭക്ഷ്യസുരക്ഷാ വാരാചരണം നടത്തിയ വകയിൽ 2,15,000 രൂപ ചെലവായിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി ഇടങ്ങി നിയമവിരുദ്ധ പ്രവൃത്തികളിൽ ഉദ്യോഗസ്ഥർ ആരുംതന്നെ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടില്ല

ആരോഗ്യവകുപ്പിലെ ദിവസ വേതനക്കാരുടെ വേതന വർദ്ധനവ്

37 (T2588) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിലെ ദിവസവേതനക്കാരുടെ വേതനത്തിൽ GO (P) No. 466/2014 Fin തീയതി 28-10-2014 എന്ന ഉത്തരവു പ്രകാരമുള്ള വർദ്ധന അനുവദിച്ചിട്ടില്ലയെന്നത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly